**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3948** **06-08-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം കടൽ തീരത്ത് നിന്നും അധികം ദൂരയല്ലാതെ ഭൂമി കണ്ടെത്താൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രയാസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഒന്നിൽ കൂടുതൽ അപേക്ഷകർക്ക് കൂട്ടായി ഭൂമി വാങ്ങാൻ കഴിയുമോ; | (ബി) | ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന് റസിഡൻറ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പംഗങ്ങളുടെയും പേരിൽ കേരള ബിൽഡിംഗ് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം അനുവദനീയമായ ഏറ്റവും കുറവ് ഭൂമി IDT യുടെ അംഗീകാരത്തിന് വിധേയമായി വാങ്ങാവുന്നതും, പ്രസ്തുത ഭൂമിയിൽ ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കാവുന്നതും ആണ്. പദ്ധതി ധനസഹായം ഓരോ ഗുണഭോക്താവിനും പരമാവധി പത്ത് ലക്ഷം രൂപ മാത്രമായിരിക്കും. |
| (സി) | ഭൂമിയുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ആലോചിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (സി) | പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഒരുമിച്ച് ചേർന്ന് റസിഡൻറ് ഗ്രൂപ്പായി ഭൂമി വാങ്ങി ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ ഭൂമി ഏറ്റെടുത്ത് സർക്കാർ ഫ്ളാറ്റ് നിർമ്മാണം നടത്തി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ